**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5795** **27.10.2011- ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിലെ കൃഷി അസിസ്റ്റന്റുമാരുടെ നിയമനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലും, വീടുകളിലും തരിശുപ്രദേശങ്ങളിലും കൃഷി വ്യാപകമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇവിടങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദവിവരങ്ങൾ നൽകാമോ; | (എ) നഗരപ്രദേശങ്ങളിലും വീടുകളിലും കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി പച്ചക്കറി കൃഷി, പുഷ്പകൃഷി തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. തരിശു ഭൂമി കൃഷി വ്യാപകമാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, മറ്റ് സന്നദ്ധസംഘടനകൾ, വനിതാ ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവ മുഖേന തരിശുഭൂമി കൃഷി പദ്ധതി നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 2401-00-102-82- എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തിരുവനന്തപുരം കോർപ്പറേഷനിൽ കാർഷിക പ്രവർത്തനങ്ങൾക്കായി കൃഷി വകുപ്പ് സിറ്റി കൃഷി ഭവൻ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; ഇതിലേക്കായി ഉദ്യോഗസ്ഥരെ എങ്ങനെയാണ് നിയമിച്ചിരിക്കുന്നത്; വാർഡ് തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കാമോ | (ബി) തിരുവനന്തപുരം കോർപ്പറേഷനിൽ കാർഷിക പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>1. ഗുണമേന്മയും അത്യുൽപ്പാദന ശേഷിയുമുള്ള തെങ്ങിൻ തൈകളുടെ വിതരണം.<br>2. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി വിവിധ ഇനങ്ങളിലുള്ള വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു. |

(....2)

3. ഫാം മെക്കനൈസേഷൻ പദ്ധതിയിൽ പമ്പ്സെറ്റുകൾക്ക് സബ്സിഡി, ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി, സി.ഡി.ബി., എസ്.എച്ച്.എം. പദ്ധതികൾ മറ്റു പഞ്ചായത്ത് കൃഷി ഭവനുകളിലെ പോലെയുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം കോർപ്പറേഷനിലെ 54 വാർഡുകളിലെ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കൃഷി ഫീൽഡ് ഓഫീസറും, ഒരു കൃഷി അസിസ്റ്റന്റും നിലവിലുണ്ട്.

| | | | |
|---|---|---|---|
| (സി) | കാർഷിക പ്രവൃത്തികൾക്കും ജൈവവള സംസ്ക്കരണത്തിനും തിരുവനന്തപുരം കോർപ്പറേഷനിൽ ഒരു വാർഡിന് ശരാശരി എത്ര ഉദ്യോഗസ്ഥരാണുള്ളത്; | (സി) | 54 വാർഡുകളുള്ള തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ കൃഷി ഭവനിൽ ഒരു കൃഷി ഫീൽഡ് ഓഫീസറുടെയും, ഒരു കൃഷി അസിസ്റ്റന്റിന്റെയും തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഒരു വാർഡിന് ഒരു കൃഷി അസിസ്റ്റന്റ് എന്ന അനുപാതം വേണമെന്നിരിക്കെ തിരുവനന്തപുരം കോർപ്പറേഷനിലെ അൻപത്തിയേഴ് വാർഡുകളിൽ കാർഷിക പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ഒരു ഫീൽഡ് ഓഫീസറും ഒരു കൃഷി അസിസ്റ്റന്റും മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ ഇതിനു പരിഹാരമായി കൂടുതൽ കൃഷി അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ